Royal Commission
into Aged Care Quality and Safety

MALAYALAM

## വൃദ്ധജന പരിചരണത്തിന്റെ സുരക്ഷിതത്വവും ഗുണനിലവാരവും അന്വേഷിക്കുവാനുള്ള റോയൽ കമ്മീഷൻ

### The Royal Commission into Aged Care Quality and Safety

ആസ്‌ട്രേലിയയിലെ വൃദ്ധജന പരിച്ചരണ സംവിധാനം, ഈ രാജ്യത്തെ വൃദ്ധ ജന വിഭാഗത്തിന് എത്രമാത്രം പ്രയോജനകരമാകുന്നു എന്ന് അന്വേഷിച്ച് കണ്ടുപിടിക്കാൻ വേണ്ടി നിയമിക്കപ്പെട്ടതാണ് റോയൽ കമ്മീഷൻ. ആയതിൽ താഴെ പറയുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്തുന്നു.

- വീടുകളിൽ കഴിയുന്ന വൃദ്ധജനങ്ങളുടെ പരിചരണം.
- ഓർമ്മ നഷ്ടം വന്ന രോഗികളുടെ പരിചരണം.
- വികലാംഗർ ഉൾപ്പെടെ സ്ഥാപനങ്ങളിൽ കഴിയുന്ന വൃദ്ധജനങ്ങളുടെ പരിചരണം.

പട്ടണങ്ങളിലും ഉൾപ്രദേശങ്ങളിലുമുള്ള വൃദ്ധജന പരിചരണത്തെകുറിച്ച് അന്വേഷണം നടത്തുന്ന ഈ കമ്മീഷൻ ഈ രംഗത്തെ സേവന ഗുണനിലവാരം എങ്ങിനെ മെച്ചപ്പെടുത്താമെന്നും അന്വേഷിക്കും.

നിങ്ങളുടെ അനുഭവങ്ങൾ, നല്ലതും ചീത്തയും അറിയാൻ കമ്മീഷൻ ആഗ്രഹിക്കുന്നു. വൃദ്ധജന പരിചരണ സംവിധാനം മെച്ചപ്പെടുത്താനുള്ള നിങ്ങളുടെ നിർദ്ദേശങ്ങളും കമ്മീഷനെ അറിയിക്കാം. താഴെ പറയുന്ന രീതികളിൽ കമ്മീഷനുമായി ആശയവിനിമയം നടത്താം.

- തിങ്കൾ മുതൽ വെള്ളി വരെയുള്ള ദിവസങ്ങളിൽ (പൊതു അവധികളൊഴിച്ച്) രാവിലെ എട്ടു മണി മുതൽ വൈകുന്നേരം എട്ടു മണി വരെയുള്ള സമയത്ത് 1800 96 711 എന്ന നമ്പറിൽ വിളിക്കുക. (പരിഭാഷാ സൗകര്യം ഉണ്ടായിരിക്കും)
- GPO Box 1151 Adelaide, South Australia എന്ന അഡ്രസ്സിൽ കത്തയക്കുക (കത്ത് ഞങ്ങൾ പരിഭാഷപ്പെടുത്തുന്നതായിരിക്കും)
- ഓൺ ലൈനായി അപേക്ഷ അയക്കുന്നതിന്: http://agedcare.royalcommission.gov.au/submissions/Pages/default.aspx
- ഇ മെയിൽ: acrcenquiries@royalcommission.gov.au

### നിങ്ങൾക്ക് ഏതെങ്കിലും വൃദ്ധജന പരിചരണ സ്ഥാപനവുമായി അടിയന്തിരമായി പരിഹരിക്കപ്പെടേണ്ട പ്രശ്നങ്ങൾ ഉണ്ടെങ്കിൽ

വ്യക്തിഗത പരാതികൾ പരിഹരിക്കാൻ കമ്മീഷന് ആവില്ല. ഈ സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾക്കെതിരെ പ്രത്യേക നടപടിക്ക് ഉത്തരവിടാനും, നഷ്ടപരിഹാരം നൽകാനും കമ്മീഷന് അധികാരമില്ല. എന്നാൽ ആസ്‌ട്രേലിയൻ സർക്കാർ ആനുകൂല്യം നൽകി ചെയ്യുന്ന സേവനങ്ങളെ കുറിച്ച് പരാതികൾകേൾക്കാൻ കമ്മീഷന് സാധിക്കും.

ഏതെങ്കിലും ഒരു വൃദ്ധ പരിചരണ സ്ഥാപനം ഒരു വ്യക്തിക്ക് നൽകുന്ന സേവനത്തെ കുറിച്ച് നിങ്ങൾക്ക് പരാതി ഉണ്ടെങ്കിൽ 1800 951 822 എന്ന നമ്പരിൽ കമ്മീഷനുമായി ബന്ധപ്പെടുകയോ agedcarequality.gov.auഎന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക. (പരിഭാഷാ സൗകര്യം ലഭ്യമാണ്)